(ഇ ആന്റ് എഫ്) സ്പിൽവേക്കു മുന്നിൽ കല്ലും മണ്ണും നീക്കം ചെയ്യുന്നതിന് നിരന്തരമായ സമ്മർദ്ദം തമിഴ്നാട് സർക്കാരിൻമേൽ ചെലുത്തിയതിന്റെ ഫലമായി കുറെയധികം കല്ലും മണ്ണും മുമ്പ് നീക്കം ചെയ്തിരുന്നു. 10-6-2002-ൽ ചെന്നൈയിൽ വച്ച് നടന്ന അന്തർ സംസ്ഥാന മന്ത്രിതല ചർച്ചയിൽ മുല്ലപ്പെരിയാർ ഡാമിന്റെ സ്പിൽവേക്കു മുന്നിലെ ഇപ്പോഴുള്ള കല്ലും മണ്ണും നീക്കം ചെയ്യാമെന്ന് തമിഴ്നാടിന്റെ ഭാഗത്തുനിന്നും അറിയിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് തുടർനടപടികളൊന്നും തമിഴ്നാട് സർക്കാർ സ്വീകരിച്ചിട്ടില്ല. തമിഴ്നാട് സർക്കാരിനോട് ഇക്കാര്യം വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ട്

118 [121] ശ്രീ. ലൂഡി ലൂയിസ്:

,, കെ. പി. വിശ്വനാഥൻ:

,, എൻ. ശക്തൻ:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ട് ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്;

(ബി) അതിന്റെ നിയന്ത്രണം സംബന്ധിച്ച് കേരളത്തിനുള്ള കൈകാര്യ കർതൃത്വം എന്തെന്ന് വിശദീകരിക്കുമോ;

(സി) ഈ അണക്കെട്ടിൽ എത്രയടി വെള്ളമുണ്ടെന്ന് അളക്കുവാൻ കേരളത്തിന് സംവിധാനമുണ്ടോ; എങ്കിൽ എന്തെല്ലാം;

(ഡി) ഇല്ലെങ്കിൽ സംവിധാനം ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ഇ) ഇക്കാര്യത്തിൽ കേരളത്തിന് സംവിധാനം ആവശ്യമില്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാനത്ത്.

(ബി) ഡാം സ്ഥിതിചെയ്യുന്ന പ്രദേശം കേരള വനംവകുപ്പിന്റെ അധീനതയിലും വൈദ്യുതി വിതരണത്തിന്റെ നിയന്ത്രണം കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിലും ക്രമസമാധാന പാലനം സംസ്ഥാന സർക്കാരിലും നിക്ഷിപ്തമാണ്.

എന്നാൽ മുല്ലപ്പെരിയാർ ഡാമിന്റെ ഉടമസ്ഥതയും നടത്തിപ്പും മേൽനോട്ടവും 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം തമിഴ്നാട് സർക്കാരിൽ നിക്ഷിപ്തമാണ്.

(സി—ഇ) ഉണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലുള്ള വെള്ളത്തിന്റെ അളവ് മൈനർ ഇറിഗേഷൻ തേക്കടി മോണിറ്ററിംഗ് സെക്ഷൻ എടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly